ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1074

# സൂറ – 35 / ഫാത്വിർ

## സൂക്തം: 18 – 24

ദേവീദേവന്മാരും പുണ്യവാളന്മാരും തങ്ങളുടെ ആരാധകരുടെ പാപങ്ങൾ ഏറ്റെടുക്കുകയും പുണ്യങ്ങൾ അവർക്ക് പങ്കുവെക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നവർ ഇന്നും ഏറെയുണ്ട്. ഖുർആനും പ്രവാചകനും ആവർത്തിച്ച് നിഷേധിച്ചിട്ടും അങ്ങനെ വിശ്വസിക്കുന്നവരെ മുസ്‌ലിം സമുദായത്തിലും കാണാം. ശിർക്കിനെ തൗഹീദിന്റെ ഭാഗമാക്കി വ്യാഖ്യാനിച്ചൊപ്പിക്കുന്ന പുരോഹിതന്മാരാണ് അവരെ നയിക്കുന്നത്.

وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۚ وَإِن تَدْعُ مُثْقَلَةٌ إِلَىٰ حِمْلِهَا
لَا يُحْمَلْ مِنْهُ شَيْءٌ وَلَوْ كَانَ ذَا قُرْبَىٰٓ ۗ إِنَّمَا تُنذِرُ ٱلَّذِينَ
يَخْشَوْنَ رَبَّهُم بِٱلْغَيْبِ وَأَقَامُوا۟ ٱلصَّلَوٰةَ ۚ وَمَن تَزَكَّىٰ فَإِنَّمَا
يَتَزَكَّىٰ لِنَفْسِهِۦ ۚ وَإِلَى ٱللَّهِ ٱلْمَصِيرُ ﴿١٨﴾

18. ഭാരം ചുമക്കുന്നവരാരും അപരന്റെ ഭാരം ചുമക്കുകയില്ല. ഭാരവാഹി അതു വഹിക്കാൻ വിളിക്കുന്നത് ഉറ്റ ബന്ധുവിനെയാണെങ്കിൽ പോലും അതിൽനിന്ന് അൽപവും വഹിക്കുകയില്ല. പ്രവാചകാ, അഗോചരനായ വിധാതാവിനെ ഭയപ്പെടുകയും നിഷ്ഠയോടെ നമസ്കരിക്കുകയും ചെയ്യുന്നവരെ മാത്രമേ നിനക്ക് ഉദ്ബോധനം ചെയ്യാൻ കഴിയൂ. ആരെങ്കിലും സംസ്കൃതനാകുന്നുവെങ്കിൽ തനിക്കു വേണ്ടി തന്നെയാണ് സംസ്കൃതനാകുന്നത്. ഒടുവിൽ എല്ലാവരുടെയും പരിണതി അല്ലാഹുവിങ്കലേക്കു തന്നെയാകുന്നു.

**18**

وَلَا تَزِرُ = ഭാരം വഹിക്കുകയില്ല وَازِرَةٌ = ഭാരം വഹിക്കുന്നവൻ (ആരും) وِزْرَ أُخْرَىٰ = മറ്റൊരാളുടെ (അപരന്റെ) ഭാരം

وَإِن تَدْعُ مُثْقَلَةٌ إِلَىٰ حِمْلِهَا = ഭാരവാഹി അതിന്റെ ഭാരത്തിലേക്കു വിളിക്കുന്നുവെങ്കിൽ (ഭാരവാഹി അതു വഹിക്കാൻ വിളിക്കുന്നത്)

لَا يُحْمَلْ مِنْهُ شَيْءٌ = അതിൽനിന്ന് ഒരു വസ്തുവും (അൽപവും) വഹിപ്പിക്കപ്പെടുകയില്ല (വഹിക്കുകയില്ല)

وَلَوْ كَانَ ذَا قُرْبَىٰٓ = ഉറ്റ ബന്ധു(വിനെ) ആണെങ്കിൽ പോലും

إِنَّمَا تُنذِرُ = നീ ഉദ്ബോധനം ചെയ്യുന്നുള്ളൂ (നിനക്ക് ഉദ്ബോധനം ചെയ്യാൻ കഴിയൂ)

ٱلَّذِينَ يَخْشَوْنَ رَبَّهُم بِٱلْغَيْبِ = അദൃശ്യം കൊണ്ട് അവരുടെ (അഗോചരനായ) വിധാതാവിനെ ഭയപ്പെടുന്നവരെ(യും)

وَأَقَامُوا۟ ٱلصَّلَوٰةَ = നിഷ്ഠയോടെ നമസ്കരിക്കുകയും ചെയ്യുന്നവരെ (മാത്രമേ) وَمَن تَزَكَّىٰ = ആരെങ്കിലും സംസ്കൃതനായാൽ

فَإِنَّمَا يَتَزَكَّىٰ = അവൻ സംസ്കൃതനാകുന്നത് لِنَفْسِهِۦ = തനിക്കുവേണ്ടിത്തന്നെയാണ്

وَإِلَى ٱللَّهِ ٱلْمَصِيرُ = (ഒടുവിൽ എല്ലാവരുടെയും) പരിണതി അല്ലാഹുവിങ്കലേക്കു തന്നെയാകുന്നു

ഈ സൂക്തത്തിന്റെ ആദ്യ ഖണ്ഡമായ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ഖുർആൻ അഞ്ചിടത്ത് ആവർത്തിക്കുന്നുണ്ട്. 6:164-ലും 17:15-ലുമാണ് മുമ്പിത് വന്നിട്ടുള്ളത്. രണ്ടിടത്തും *ഖുർആൻ ബോധനം* വിശദീകരിച്ചിട്ടുമുണ്ട്. പദങ്ങളുടെ അർഥവും അവിടെ വിശകലനം ചെയ്തിരിക്കുന്നു. 39:7-ലും 53:38-ലുമാണ് ഇനി ഇതാവർത്തിക്കുന്നത്. 'ഭാരം ചുമക്കുന്നവരാരും അപരന്റെ ഭാരം ചുമക്കുകയില്ല' എന്നത് ഇസ്‌ലാമിന്റെ മൗലിക തത്ത്വങ്ങളിലൊന്നാകുന്നു. وِزْر 'ഭാരം' ആണെങ്കിലും പാപഭാരം എന്ന അർഥത്തിലാണ് പൊതുവിൽ മനസ്സിലാക്കപ്പെട്ടിട്ടുള്ളത്. യഥാർഥത്തിൽ പാപഭാരത്തെയും പുണ്യഭാരത്തെയും ഉൾക്കൊള്ളുന്നതാണ് ഈ പ്രയോഗം. ഒരുവൻ അപരന്റെ പാപഭാരം ഏറ്റെടുക്കില്ല എന്ന പ്രസ്താവനയിൽനിന്ന് പുണ്യഭാരവും ഏറ്റെടുക്കില്ല എന്ന് അനുക്തസിദ്ധവുമാകുന്നു. مُثْقَلَةٌ - تَدْعُ - وَازِرَةٌ - تَزِرُ എന്നീ പദങ്ങൾ സ്ത്രീലിംഗത്തിൽ പ്രയോഗിച്ചിരിക്കുന്നത് അവയുടെ യഥാർഥ കർത്താവ് نفس (വ്യക്തി, ദേഹി) ആയതുകൊണ്ടാണ്. അറബി ഭാഷയിൽ نفس സ്ത്രീലിംഗ പദമാണ്.

ഈ തത്ത്വം ഇവിടെ ആവർത്തിച്ചത് അറബികൾ പുലർത്തിയിരുന്ന ഒരു അന്ധവിശ്വാസം നിഷേധിക്കുന്നതിനു വേണ്ടിയാണ്. ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷകളും നടക്കുന്ന കാര്യങ്ങളല്ല. അഥവാ അങ്ങനെ സംഭവിക്കുമെങ്കിൽ തന്നെ നമ്മൾ ഭയപ്പെടേണ്ടതില്ല. നാം അനേകം ദേവീദേവന്മാരെയും പ്രതിഷ്ഠകളെയും പൂജിച്ചു പ്രസാദിപ്പിക്കുന്നുണ്ട്. പുണ്യാത്മാക്കളായ സിദ്ധന്മാരുടെയും പുരോഹിതന്മാരുടെയും സഹായവും നമുക്കുണ്ടാകും. കൂടാതെ നമ്മുടെ നേതാക്കളും ആചാര്യന്മാരും പ്രമുഖരായ കുടുംബാംഗങ്ങളുമുണ്ട്. ദേവഗണങ്ങൾ പരമേശ്വരനോട് ശിപാർശ ചെയ്ത് നമുക്ക് പാപമുക്തിയും സ്വർഗലബ്ധിയും നേടിത്തരും. നമ്മുടെ പാപങ്ങൾ നമ്മുടെ നേതാക്കളിലും ഉറ്റ ബന്ധുക്കളിലുമുള്ള പാപം കുറഞ്ഞവരും പുണ്യം കൂടിയവരുമായ ആളുകളുമായി പങ്കുവെച്ചും രക്ഷപ്പെടാം. ഒരുവന്റെ പുണ്യപാപങ്ങളുടെ ഫലം മറ്റൊരാൾക്ക് ഏറ്റെടുക്കാനും ഏൽപിച്ചുകൊടുക്കാനും കഴിയും എന്ന സങ്കൽപമാണിതിന്റെ അടിസ്ഥാനം. ഈ സൂറഃ അവതരിക്കുന്ന കാലത്ത് ഖുറൈശി കുടുംബങ്ങളിൽനിന്ന് ഒറ്റയായും തെറ്റയായും ആളുകൾ ഇസ്‌ലാമിൽ ചേർന്നുകൊണ്ടിരുന്നു. അവരെ പിന്തിരിപ്പിക്കാൻ ഈ സങ്കൽപത്തെ അടിസ്ഥാനമാക്കി അവരുടെ ഉറ്റവരും ഉടയവരും കണ്ടെത്തിയിരുന്ന ന്യായം ഇതാണ്: മുഹമ്മദിനെ തള്ളിപ്പറയുകയും അയാളുടെ നിയമങ്ങൾ ലംഘിക്കുകയും ചെയ്യുന്നത് ദൈവകോപത്തിനും നരകശിക്ഷക്കും കാരണമാകുന്ന കുറ്റമാണെന്നാണല്ലോ നിങ്ങൾ പറയുന്നത്. ശരി, അങ്ങനെയെങ്കിൽ അതുവഴി നിങ്ങൾക്കുണ്ടാകുന്ന പാപഭാരങ്ങൾ ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം. അപ്പോൾ ദൈവം നിങ്ങളെ വിട്ടയക്കുമല്ലോ. എന്തായാലും നിങ്ങൾ പൂർവ മതത്തിലേക്ക് തിരിച്ചുവന്ന് ഞങ്ങളോടൊപ്പം നിലകൊള്ളണം.

ഇങ്ങനെ ആവശ്യപ്പെട്ടവരോട് പറയുകയാണ്: നിങ്ങൾ ചെയ്തു കൂട്ടുന്ന പാപങ്ങൾ മുഴുവനായോ, ഭാഗികമായോ ഏറ്റെടുത്ത് നിങ്ങളെ രക്ഷിക്കാൻ പരലോകത്ത് ആരൊക്കെയോ കാത്തിരിക്കുന്നുവെന്ന് ആരും വ്യാമോഹിക്കേണ്ട. ഉറ്റവരാണെങ്കിൽ പോലും അവിടെ നിങ്ങൾക്കു വേണ്ടി ഒന്നും ചെയ്യാൻ കഴിയില്ല. പിതാവ് പുത്രന്നും പുത്രൻ പിതാവിനും ഉപകരിക്കാത്ത സന്ദർഭമാണത് (31:33). മനുഷ്യൻ സ്വന്തം മാതാപിതാക്കളിൽനിന്നും സഹോദരനിൽനിന്നും ഭാര്യയിൽനിന്നും മക്കളിൽനിന്നും ഓടിയൊളിക്കുന്ന ദിവസം. അന്ന് ഓരോരുത്തർക്കും സ്വന്തം കാര്യം തന്നെ വേണ്ടുവോളമുണ്ടായിരിക്കും (80:34-36). 29:12,13-ൽ പ്രസ്താവിക്കുന്നു: 'സത്യം നിഷേധിക്കുന്നവർ സത്യവിശ്വാസികളോട് പറയുന്നു: ഞങ്ങളുടെ വഴിക്ക് വരുവിൻ, നിങ്ങളുടെ പാപഭാരങ്ങൾ ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം. ഇക്കൂട്ടർ അവരുടെ പാപങ്ങൾ ഒട്ടും ഏറ്റെടുക്കുകയില്ല. അവർ പറയുന്നത് തികച്ചും കള്ളമാകുന്നു. ഇവർ തീർച്ചയായും സ്വന്തം ഭാരം ചുമക്കും, ഒപ്പം മറ്റു കുറേ ഭാരങ്ങളും.' ഈ മറ്റു 'കുറേ ഭാരങ്ങൾ' അവർ വഴിതെറ്റിച്ചതു മൂലം മറ്റുള്ളവരിൽനിന്നുണ്ടായ പാപത്തിന്റെ വിഹിതമാണെന്ന് 16:25-ൽ വ്യക്തമാക്കിയിരിക്കുന്നു. ദേവീദേവന്മാരും പുണ്യവാളന്മാരും തങ്ങളുടെ ആരാധകരുടെ പാപങ്ങൾ ഏറ്റെടുക്കുകയും പുണ്യങ്ങൾ അവർക്ക് പങ്കുവെക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നവർ ഇന്നും ഏറെയുണ്ട്. ഖുർആനും പ്രവാചകനും ആവർത്തിച്ച് നിഷേധിച്ചിട്ടും അങ്ങനെ വിശ്വസിക്കുന്നവരെ മുസ്‌ലിം സമുദായത്തിലും കാണാം. ശിർക്കിനെ തൗഹീദിന്റെ ഭാഗമാക്കി വ്യാഖ്യാനിച്ചൊപ്പിക്കുന്ന പുരോഹിതന്മാരാണ് അവരെ നയിക്കുന്നത്.

ഈ വാക്യത്തിന്റെ ദാർശനിക മാനം ഇതാണ്: ഇവിടെ പറയുന്ന ഭാരം അടിസ്ഥാനപരമായി, *അൽ അഹ്സാബ്* 72-ാം സൂക്തത്തിൽ, അല്ലാഹു മനുഷ്യനെ ഏൽപിച്ചിട്ടുണ്ടെന്ന് പ്രസ്താവിച്ച അമാനത്താണ്. മനുഷ്യന്റെ അസ്തിത്വഭാരം തന്നെയാണത്. മനുഷ്യനെ മനുഷ്യനാക്കുന്നത് ആ ഭാരമാണ്. ഒരാൾക്കും സ്വന്തം അസ്തിത്വം ഉപേക്ഷിക്കാനോ മറ്റൊരാളുമായി വെച്ചുമാറാനോ കഴിയില്ല. ഓരോരുത്തർക്കും പരമാവധി വഹിക്കാൻ ഭാരം അവരവരുടെ അസ്തിത്വത്തിനു തന്നെയുണ്ട്. അല്ലാഹുവിൽനിന്ന് ഏറ്റെടുത്ത അമാനത്തിനെ എങ്ങനെ സമീപിക്കുന്നു എന്നതാണ് മനുഷ്യൻ നേടുന്ന പരീക്ഷണം. അമാനത്തിനെ അസ്തിത്വമായി രൂപപ്പെടുത്തുന്നത് മനുഷ്യൻ തന്നെയാണ്. ഈ ആശയം ഖുർആൻ ഇപ്രകാരം വ്യക്തമാക്കിയിരിക്കുന്നു: وَكُلَّ إِنسَٰنٍ أَلْزَمْنَٰهُ طَٰٓئِرَهُۥ فِى عُنُقِهِۦ (ഓരോ മനുഷ്യന്റെയും ഭാഗധേയം നാം അവന്റെ കണ്ഠത്തിൽ തന്നെ ബന്ധിച്ചിരിക്കുന്നു- 17:13). കർമനിരതമാകുമ്പോഴാണ് അമാനത്ത് അസ്തിത്വമാകുന്നത്. പ്രവർത്തിക്കുന്നില്ലെങ്കിൽ അമാനത്തും അസ്തിത്വവും അപ്രസക്തമാകുന്നു, ഇല്ലാത്തതിന് തുല്യമാകുന്നു. നിങ്ങൾ ഉണ്ട് എന്ന് സ്ഥാപിക്കുന്നത് നിങ്ങൾ ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നതാണ്, അതൊന്നുമില്ലെങ്കിൽ നിങ്ങൾ ഇല്ല. കർമം, അതാണ് മനുഷ്യരെ അസ്തിത്വമുള്ളവരാക്കുന്നത്. കർമത്തെ ഖുർആൻ പലപ്പോഴും كسب എന്ന് വ്യവഹരിക്കുന്നത് ഏറെ ശ്രദ്ധേയമാകുന്നു. 2:286, 6:164 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* ഈ പദത്തിന്റെ അർഥം വിശദമായി ചർച്ച ചെയ്തിരിക്കുന്നു. സൂറഃ *അന്നംലിൽ* ഭാരം ചുമക്കുന്നവരാരും അപരന്റെ ഭാരം ചുമക്കുകയില്ലെന്നു പറഞ്ഞ ഉടനെ وَأَن لَّيْسَ لِلْإِنسَٰنِ إِلَّا مَا سَعَىٰ മനുഷ്യന് അവൻ പ്രയത്നിച്ചതല്ലാതെ ഒന്നുമില്ല എന്നു കൂടി പറയുന്നുണ്ട്. كُلُّ نَفْسٍۭ بِمَا كَسَبَتْ رَهِينَةٌ ഓരോ മനുഷ്യനും സ്വന്തം കർമത്തിന്റെ പണയമാകുന്നു എന്നാണ് 74:38-ൽ പറയുന്നത്. ഓരോ വ്യക്തിയും അവന്റെ അസ്തിത്വം സഫലമാക്കിയോ ഇല്ലയോ എന്ന പരിശോധനയാണ് പരലോക വിചാരണ. സഫലമാക്കിയവർ അതിന്റെ പരിണതിയിലും അല്ലാത്തവർ വിപരീത പരിണതിയിലും എത്തിച്ചേരുന്നു. പ്രവാചകനെ സംബോധന ചെയ്തുകൊണ്ട് പറയുന്നതാണ് إِنَّمَا تُنذِرُ ....... ٱلْمَصِيرُ എന്ന വചനം. നീ ജനത്തെ ഈ യാഥാർഥ്യങ്ങൾ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുക. അവരത് ചെവിക്കൊള്ളുന്നുവെങ്കിൽ അവർക്ക് നല്ലത്. ഇല്ലെങ്കിൽ അവരെ പാട്ടിനു വിട്ടേക്കുക. ജ്ഞാനേന്ദ്രിയങ്ങളും ബുദ്ധിയും ചിന്താശേഷിയുമെല്ലാം നേരാംവണ്ണം

ഉപയോഗപ്പെടുത്തുകയും അഗോചരനായ വിധാതാവിനെ ഭയപ്പെടുകയും ചെയ്യുന്ന ആളുകൾ മാത്രമേ സത്യപ്രബോധനം ഉൾക്കൊള്ളുകയുള്ളൂ. സത്യവിശ്വാസത്തിന്റെയും വിധാതാവിനോടുള്ള ഭയഭക്തിയുടെയും പ്രാഥമിക ഫലമാണ് നമസ്കാരത്തിലുള്ള നിഷ്ഠ. നിശ്ചിത നേരങ്ങളിലുള്ള നമസ്കാരത്തിലൂടെ വിശ്വാസി തന്റെ അദൃശ്യനായ നാഥനുമായി നിരന്തര സമ്പർക്കം പുലർത്തുകയാണ്. അതുവഴി അവന്റെ ചിത്തവും ചെയ്തിയും, സംസ്കൃതവും പാപമുക്തവുമായിത്തീരുന്നു. അങ്ങനെ സംസ്കൃതനാകുന്നതിന്റെ ഗുണം അല്ലാഹുവിനല്ല, പ്രത്യുത അടിമകൾക്ക് തന്നെയാണ്. നമസ്കാരത്തോടുള്ള അവഗണന അല്ലാഹുവിനോടുള്ള അവഗണനയാണ്. അത് ചിത്തത്തിലും ചെയ്തിയിലും അഴുക്കണക്കുകയും ക്രമേണ തീർത്തും മാലിന്യങ്ങൾ നിറക്കുകയും ചെയ്യുന്നു. അങ്ങനെ സംഭവിക്കുന്നതിന്റെ ദോഷവും അവനു തന്നെ, അല്ലാഹുവിനല്ല. وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا (വ്യതിചലിക്കുന്നവൻ വ്യതിചലിക്കുന്നത് തനിക്കെതിരെ തന്നെയാകുന്നു -10:108). സ്വയം സംസ്കരിച്ചവരും മലിനീകരിച്ചവരും ഒടുവിൽ അല്ലാഹുവിങ്കൽ തന്നെയാണ് എത്തിച്ചേരുന്നത്. ഓരോരുത്തരുടെയും കർമഫലം അവൻ വിധിക്കുന്നു. ●

وَمَا يَسْتَوِى ٱلْأَعْمَىٰ وَٱلْبَصِيرُ ﴿١٩﴾

19. കുരുടനും കാഴ്ചയുള്ളവനും തുല്യരാകുന്നില്ല.

وَلَا ٱلظُّلُمَٰتُ وَلَا ٱلنُّورُ ﴿٢٠﴾

20. ഇരുട്ടുകളും വെളിച്ചവും ഒരുപോലെയല്ല.

وَلَا ٱلظِّلُّ وَلَا ٱلْحَرُورُ ﴿٢١﴾

21. ശീതളഛായയും കൊടും വെയിലും സമാനമല്ല.

وَمَا يَسْتَوِى ٱلْأَحْيَآءُ وَلَا ٱلْأَمْوَٰتُ ۚ إِنَّ ٱللَّهَ يُسْمِعُ مَن يَشَآءُ ۖ وَمَآ أَنتَ
بِمُسْمِعٍ مَّن فِى ٱلْقُبُورِ ﴿٢٢﴾

22. ജീവനുള്ളവരും മരിച്ചവരും സമന്മാരാകുന്നില്ല. അല്ലാഹു അവനിഛിക്കുന്നവരെ കേൾപ്പിക്കുന്നു. നീയോ, ഖബ്റിലുള്ളവരെ കേൾപ്പിക്കുന്നവനല്ല.

إِنْ أَنتَ إِلَّا نَذِيرٌ ﴿٢٣﴾

23. നീ ഒരു മുന്നറിയിപ്പുകാരൻ മാത്രം.

إِنَّآ أَرْسَلْنَٰكَ بِٱلْحَقِّ بَشِيرًا وَنَذِيرًا ۚ وَإِن مِّنْ أُمَّةٍ إِلَّا خَلَا فِيهَا
نَذِيرٌ ﴿٢٤﴾

24. നാം നിന്നെ ഈ സത്യസന്ദേശവും കൊണ്ട് സുവിശേഷകനും മുന്നറിയിപ്പുകാരനുമായി അയച്ചിരിക്കുന്നു. ഒരു സമുദായവും അതിലൊരു പ്രബോധകൻ കഴിഞ്ഞുപോകാതെയില്ല.

**19-24**

وَمَا يَسْتَوِى = തുല്യരാകുന്നില്ല ٱلْأَعْمَىٰ وَٱلْبَصِيرُ = കുരുടനും കാഴ്ചയുള്ളവനും
وَلَا ٱلظُّلُمَٰتُ وَلَا ٱلنُّورُ = ഇരുട്ടുകളുമല്ല, വെളിച്ചവുമല്ല (ഒരുപോലെയല്ല)
وَلَا ٱلظِّلُّ وَلَا ٱلْحَرُورُ = തണലുമല്ല, കൊടും ചൂടുമല്ല (ശീതളഛായയും കൊടും വെയിലും സമാനമല്ല)
وَمَا يَسْتَوِى = സമന്മാരാകുന്നില്ല ٱلْأَحْيَآءُ وَلَا ٱلْأَمْوَٰتُ = ജീവനുള്ളവരും മരിച്ചവരും
إِنَّ ٱللَّهَ يُسْمِعُ = തീർച്ചയായും അല്ലാഹു കേൾപ്പിക്കുന്നു مَن يَشَآءُ = അവൻ ഇഛിക്കുന്നവരെ
وَمَآ أَنتَ بِمُسْمِعٍ = നീ(യോ) കേൾപ്പിക്കുന്നവനല്ല مَّن فِى ٱلْقُبُورِ = ഖബ്റുകളിൽ ഉള്ളവരെ إِنْ أَنتَ = നീ അല്ല
إِلَّا نَذِيرٌ = ഒരു മുന്നറിയിപ്പുകാരൻ (മാത്രം) അല്ലാതെ إِنَّآ أَرْسَلْنَٰكَ = നാം നിന്നെ അയച്ചിരിക്കുന്നു
بِٱلْحَقِّ = ഈ സത്യ(സന്ദേശ)വും കൊണ്ട് بَشِيرًا وَنَذِيرًا = സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ട്
وَإِن مِّنْ أُمَّةٍ = ഒരു സമുദായവും ഇല്ല إِلَّا خَلَا فِيهَا = അതിൽ കഴിഞ്ഞുപോയിട്ടല്ലാതെ
نَذِيرٌ = ഒരു മുന്നറിയിപ്പുകാരൻ (പ്രബോധകൻ)

അഗോചരനായ വിധാതാവിൽ വിശ്വസിക്കുകയും നിഷ്ഠയോടെ അവനെ പ്രാർഥിക്കുകയും ജീവിതം സംസ്കരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ആളുകളേ പ്രവാചകന്റെ പ്രബോധനം ഉൾക്കൊള്ളൂ എന്ന മുൻ സൂക്തത്തിലെ പ്രസ്താവനയുടെ അനുബന്ധമാണിത്. ആളുകൾ ആവേശപൂർവം ഓടിവന്ന് ഇസ്‌ലാം സ്വീകരിക്കാത്തത് ഇസ്‌ലാമിന്റെയോ പ്രവാചകന്റെ പ്രബോധന രീതിയുടെയോ കുഴപ്പം കൊണ്ടല്ല. മറിച്ച് ഭൗതിക ലോകത്തിന്റെ പ്രകൃതി അങ്ങനെയായതുകൊണ്ടാണ്. വൈരുധ്യങ്ങളുടെ പാരസ്പര്യത്തിലൂടെയാണ് ഈ ലോകം മുന്നോട്ടു പോകുന്നത്. നാലു ദ്വന്ദ്വങ്ങളെ എടുത്തു കാണിച്ചുകൊണ്ട് അവ തുല്യമാകുന്നില്ല എന്ന് പ്രസ്താവിക്കുന്നു. ചൂണ്ടിക്കാണിക്കപ്പെട്ട ദ്വന്ദ്വങ്ങൾ തുല്യങ്ങളല്ല എന്ന് സ്വാഭാവികമായി എല്ലാവർക്കും അറിയുന്നതാണ്. അവയെല്ലാം സുവ്യക്തമായ ഗോചര യാഥാർഥ്യങ്ങളാണ്. കുരുടനും കാഴ്ചയുള്ളവനും, അല്ലെങ്കിൽ ഇരുട്ടും വെളിച്ചവും തുല്യമല്ല എന്ന് ആർക്കാണറിയാത്തത്! പക്ഷേ, ആത്മീയ-ധാർമിക ആശയങ്ങളുടെ അവസ്ഥ ഇതല്ല. അവക്കിടയിലുള്ള വൈരുധ്യം, അല്ലെങ്കിൽ അവ തമ്മിലുള്ള

അസമത്വം ഇരുട്ടും വെളിച്ചവും തമ്മിലുള്ള വൈരുധ്യം പോലെ സഹജവും സ്വതഃസ്പഷ്ടവുമായി അറിയുന്ന കാര്യങ്ങളല്ല. അതുകൊണ്ട് അത്തരം ആശയ വൈരുധ്യങ്ങളുടെ രൂപകങ്ങളായി, സഹജവും സ്വതഃസ്പഷ്ടവുമായ ചില ദ്വന്ദ്വങ്ങൾ ചൂണ്ടിക്കാണിച്ച് സുഗ്രാഹ്യമാക്കുകയാണ്. ഇന്ദ്രിയഗോചരമായ വൈരുധ്യങ്ങളെല്ലാം വൈരുധ്യങ്ങളായിരിക്കെത്തന്നെ പരസ്പരപൂരകങ്ങളുമാണ്. ഉദാഹരണം, ഇരുട്ടും വെളിച്ചവും നോക്കുക. ഇരുട്ടിന്റെ അഭാവമാണ് വെളിച്ചം. വെളിച്ചത്തിന്റെ അഭാവമാണ് ഇരുട്ട് എന്നും പറയാം. പ്രാപഞ്ചിക ഘടനയിൽ രണ്ടും പ്രസക്തമാകുന്നു. ഇരുട്ടില്ലാത്ത പ്രപഞ്ചത്തിന്റെ വെളിച്ചവും വെളിച്ചമില്ലാത്ത പ്രപഞ്ചത്തിൽ ഇരുട്ടും നിരർഥകം (Absurd) ആകുന്നു.

ഇവിടെ അന്ധത അവിദ്യയുടെയും കാഴ്ച വിദ്യ-പ്രജ്ഞ-യുടെയും രൂപകങ്ങളാണ്. സ്വപ്രകൃതിയിലുള്ള സദ്ബോധത്തെ അടിച്ചമർത്തി ആസക്തികൾ നൽകുന്ന വിപരീത വിദ്യകളിൽ അഭിരമിക്കുന്ന പ്രജ്ഞാശൂന്യനാണ് അന്ധൻ. പ്രകൃതിയിലെ സദ്ബോധത്തെ കെടുത്തിക്കളയാതെ ബുദ്ധിയെയും വികാരത്തെയും അതിന്റെ വെളിച്ചത്തിൽ വ്യാപരിച്ച് സത്യത്തിലെത്താൻ ശ്രമിക്കുന്നവൻ കാഴ്ചയുള്ളവനും. അത്തരക്കാർക്ക് സന്മാർഗം പ്രാപിക്കാൻ ഉതവി ലഭിക്കുന്നു. മനസ്സാക്ഷിയെ വികൃതമാക്കിയവന്നാകട്ടെ, കൂടുതൽ അന്ധകാരത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കുന്നു. അത്തരക്കാരെ സത്യസന്ദേശം കേൾപ്പിക്കാനും വീണ്ടെടുക്കാനും പ്രബോധകർക്ക് കഴിയില്ല. കാരണം സത്യം സ്വീകരിക്കുന്ന കാര്യത്തിൽ ഈ രണ്ടു കൂട്ടരും തുല്യരല്ല. ഇരുട്ടും വെളിച്ചവും എത്രത്തോളം പരസ്പരവിരുദ്ധമാണോ അത്രതന്നെ വിരുദ്ധങ്ങളാണ് അന്ധവിശ്വാസങ്ങളും സത്യവിശ്വാസവും. ഈ ദ്വന്ദ്വം സന്മാർഗത്തിന്റെയും ദുർമാർഗത്തിന്റെയും രൂപകങ്ങളുമാകാം. അല്ലാഹുവിനെ കുറിച്ചുള്ള അറിവാണ് ഈമാൻ -സത്യവിശ്വാസം. സത്യവിശ്വാസം ഒന്നേയുള്ളൂ. അല്ലാഹു ഏകനും സർവാധികാരിയും സർവശക്തനും സർവതിന്റെയും സ്രഷ്ടാവും പരിപാലകനുമാണെന്ന വിശ്വാസം. മറ്റു ദീനീ വിശ്വാസങ്ങളെല്ലാം ഈ വിശ്വാസത്തിന്റെ ഘടകങ്ങൾ മാത്രമാണ്. അന്ധവിശ്വാസങ്ങൾ അനേകമുണ്ട്. ബഹുദൈവ വിശ്വാസം, ത്രിമൂർത്തി വിശ്വാസം, ത്രിയേകത്വ വിശ്വാസം, നാസ്തിക വിശ്വാസം, ദൈവം സ്രഷ്ടാവ് മാത്രമാണ്; നിയന്താവും പരിപാലകനുമല്ല എന്ന വിശ്വാസം, നിയന്താവും രക്ഷിതാവും ആണെങ്കിലും പരമാധികാരിയല്ല; അഥവാ ഓരോ വ്യക്തിയുടെയും പരമാധികാരം അയാൾക്കു തന്നെയാണ് എന്ന വിശ്വാസം.... അതുകൊണ്ടാണ് സത്യവിശ്വാസത്തെ, അല്ലെങ്കിൽ സന്മാർഗത്തെ ٱلنُّورُ എന്ന് ഏകവചനത്തിൽ വർണിച്ചപ്പോൾ അന്ധവിശ്വാസത്തെയും ദുർമാർഗത്തെയും ٱلظُّلُمَٰتُ എന്ന് ബഹുവചനത്തിൽ വർണിച്ചത്. ഇരുട്ടിന്റെയും വെളിച്ചത്തിന്റെയും ഫലവും പരസ്പരവിരുദ്ധമാണ്. അതാണ് ശീതളഛായയും കൊടും വെയിലും -ٱلظِّلُّ وَلَا ٱلْحَرُورُ- സൂചിപ്പിക്കുന്നത്. ظلّ- ന്റെ ഭാഷാർഥം തണൽ ആണെങ്കിലും അറബികൾ അനുഗൃഹീതമായ സുരക്ഷിത സ്ഥലം എന്ന അർഥത്തിലും ഉപയോഗിച്ചിരുന്നു. സൂര്യതാപമാണ് حرور . രാവുകാലത്ത് അടിച്ചു വീശുന്ന ചുടുകാറ്റിനും പറയും. പകൽ സമയത്തെ ചുടുകാറ്റ് سموم ആണ്. വിശ്വാസിയുടെ അവസ്ഥ, വിചാരങ്ങളും വികാരങ്ങളും പ്രശാന്തമായ സ്വഛ ശീതളഛായയിൽ എത്തിയതുപോലെയാണ്. ആ അവസ്ഥയിലുണ്ടാകുന്ന കർമങ്ങൾ ഉൾക്കാഴ്ചയുള്ളതും സംസ്കൃതവുമായിരിക്കും.

ജീവനുള്ളവരും മരിച്ചവരും എന്ന രൂപകം ജ്ഞാനിക്കും അജ്ഞാനിക്കും എന്ന പോലെ സത്യവിശ്വാസിക്കും സത്യനിഷേധിക്കും ചേരുന്നതാണ്. സദ്ബുദ്ധിയുടെയും മനസ്സാക്ഷിയുടെയും മൃതാവസ്ഥയാണ് സത്യനിഷേധവും മൂഢവിശ്വാസങ്ങളും. ബുദ്ധിയുടെയും വിവേകത്തിന്റെയും ചൈതന്യമുള്ള മനുഷ്യമനസ്സുകളിൽ അവക്ക് ഇടം ലഭിക്കുകയില്ല. ഒരു മനസ്സിൽ സദ്ബുദ്ധിയുടെയും സത്യജ്ഞാനത്തിന്റെയും ചൈതന്യം എത്രകണ്ട് ക്ഷയിക്കുന്നുവോ അത്രകണ്ട് അതിൽ അജ്ഞതയും അന്ധവിശ്വാസങ്ങളും കുടിയേറുന്നു.

മേൽപറഞ്ഞ ദ്വന്ദ്വങ്ങൾ പോലെ വിരുദ്ധ സ്വഭാവങ്ങൾ പുലർത്തുന്ന ആളുകളെ ഒരുപോലെ സത്യവിശ്വാസികളും സച്ചരിതരുമാക്കി പരിവർത്തിപ്പിക്കുക ഒരു പ്രബോധകന്നും സാധ്യമാവില്ല. ഈ ലോകത്ത് ഇരുട്ടും വെളിച്ചവും ജീവനുള്ളതും ഇല്ലാത്തതും ഉളവാക്കിയ അല്ലാഹു വെളിച്ചവും ചൈതന്യവും കൈക്കൊള്ളാനെന്ന പോലെ ഇരുട്ടും നിശ്ചേതനത്വവും വരിക്കാനും സൃഷ്ടികൾക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. യഥാർഥത്തിൽ സത്യസന്ദേശം കേൾപ്പിക്കുന്നതും സന്മാർഗത്തിലേക്കു നയിക്കുന്നതും ആത്യന്തികമായി അല്ലാഹുവാണ്. അവന്നു വേണമെങ്കിൽ ആരെയും കേൾപ്പിക്കാം. ആരു കേൾക്കണം, ആരു കേൾക്കേണ്ടതില്ല എന്ന് നിശ്ചയിക്കാൻ അവന് കണിശമായ മാനദണ്ഡമുണ്ട്. മനുഷ്യനിൽ പ്രകൃത്യാ നിക്ഷേപിച്ചിട്ടുള്ള സദ്ബോധത്തെ വളർത്തുകയും അതിന്റെ വെളിച്ചത്തിൽ സത്യം അന്വേഷിക്കുകയും ചെയ്യുന്നവരാണ് സത്യസന്ദേശം കേൾക്കണമെന്നും അനുധാവനം ചെയ്യണമെന്നും അവൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രബോധകരെയും വേദങ്ങളെയും നിയോഗിച്ചുകൊണ്ട് അവർക്ക് ആ വഴി സഞ്ചരിക്കാൻ സൗകര്യവും ഉതവിയും നൽകുന്നു. പ്രകൃത്യാ ലഭിച്ച സദ്ബുദ്ധിയാകുന്ന ദൈവിക ദീപം ഊതിക്കെടുത്തി ചെകുത്താൻ നയിക്കുന്ന ഇരുട്ടിന്റെ വഴികളിലൂടെ സഞ്ചരിക്കുന്നവർ ആത്മീയമായും ധാർമികമായും മരിച്ചവരാണ്. ഖബ്റിൽ കിടക്കുന്നവരെ വിളിച്ചുണർത്താൻ അല്ലാഹുവിനു കഴിയും. പക്ഷേ, പ്രവാചകന് അതു സാധ്യമല്ല. പ്രവാചകൻ പ്രബോധകനാണ്. അദ്ദേഹത്തിന്റെ ചുമതല തമസ്സിന്റെയും ജ്യോതിസ്സിന്റെയും വിപരീത പരിണതികളെക്കുറിച്ച് വ്യക്തമായ മുന്നറിയിപ്പു നൽകുക മാത്രമാകുന്നു.

ഈ 22-24 സൂക്തങ്ങൾക്കു സമാനമായ സൂക്തങ്ങളാണ് നേരത്തേ സൂറ *അന്നംലി*ൽ നാം പഠിച്ച 80,81 സൂക്തങ്ങൾ:

إِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ وَلَا تُسْمِعُ ٱلصُّمَّ ٱلدُّعَآءَ إِذَا وَلَّوْا۟ مُدْبِرِينَ ﴿٨٠﴾ وَمَآ أَنتَ بِهَٰدِى ٱلْعُمْىِ عَن ضَلَٰلَتِهِمْ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِـَٔايَٰتِنَا فَهُم مُّسْلِمُونَ ﴿٨١﴾

(പ്രവാചകാ, മരിച്ചവരെ കേൾപ്പിക്കാൻ നിനക്കാവില്ല. ബധിരന്മാരെ വിളി കേൾപ്പിക്കാനും കഴിയില്ല; അവർ പുറംതിരിഞ്ഞ് അകന്നുപോകുമ്പോൾ വിശേഷിച്ചും. അന്ധരെ ദുർമാർഗത്തിൽനിന്ന് രക്ഷിച്ച് സന്മാർഗത്തിലേക്ക് നയിക്കാനും നിനക്കാവില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാൻ സന്മനസ്സുള്ളവരെ മാത്രമേ നിനക്കു കേൾപ്പിക്കാൻ കഴിയൂ. അവരാകുന്നു അല്ലാഹുവിന്റെ ആജ്ഞാനുവർത്തികൾ -27:80,81). ഈ സൂക്തങ്ങളെല്ലാം അസന്ദിഗ്ധമായി നിഷേധിക്കുന്ന മറ്റൊരു കാര്യം മൺമറഞ്ഞ മഹാന്മാർക്ക് ജീവിച്ചിരിക്കുന്നവരുടെ പ്രാർഥന കേൾക്കാനും സഹായങ്ങൾ നൽകാനും കഴിയും എന്ന അന്ധവിശ്വാസമാണ്. ഈ വിഷയം *ഖുർആൻ ബോധനം അന്നംല്* 80,81 സൂക്തങ്ങൾക്കു താഴെ വിശദമായി ചർച്ച ചെയ്തിരിക്കുന്നു. ●

+91 96337 09603